**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2008-09 മുതൽ 2011-12 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർ ട്ട് - റോഡുകളുടെ ഓവുചാലുകളിൽ നിന്നും മാലിന്യം മാറ്റുന്നതിന് പ്ലാൻ ഫണ്ട് ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1407/2024/LSGD തീയതി,തിരുവനന്തപുരം, 01-08-2024

---

പരാമർശം:-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്) ഓഫീസിൽ നിന്നുള്ള 21/07/18 ലെ എൽ. ബി. എ/ HQ/VI/8 എ -2000/244 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 12.06.2017 ലെ എം 3/15052/17 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2008-09 മുതൽ 2011-12 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിലെ ഭാഗം II ബിയിലെ ഖണ്ഡിക I-1 ൽ പഞ്ചായത്തിന്റെ പൊതുവിഭാഗം പദ്ധതിയിൽ ഉൾപ്പെടുത്തി ഖരമാലിന്യ നിർമ്മാർജ്ജനം/ സംസ്കരണം എന്ന പദ്ധതി പ്രകാരം 2008-09 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ തങ്ങളുടെ നിയന്ത്രണത്തിലല്ലാത്തതും പിഡബ്ല്യൂഡിയുടെ അധീനതയിലുള്ളതുമായ റോഡുകളുടെ വശങ്ങളിലെ കാനകളിൽ നിന്നും മണ്ണ് മാറ്റുന്നതിനും മാർക്കറ്റിലെ മാലിന്യം നീക്കം ചെയ്യുന്നതിനുമായി 2,54,338/- രൂപ ചെലവഴിച്ചത് പദ്ധതി ഫണ്ടിന്റെ ദുരുപയോഗമാണെന്ന് പരാമർശിച്ചിരുന്നു. തുടർന്നുള്ള പുനരവലോകനത്തിൽ പ്രസ്തുത ചെലവിന് സർക്കാരിന്റെ സാധൂകരണം ലഭ്യമാക്കണമെന്ന് പരാമർശം 1 പ്രകാരം ഓഡിറ്റ് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിക്ക് സാധൂകരണം തേടികൊണ്ടുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് ലഭ്യമാക്കുകയുണ്ടായി.

ചെക്യാട് ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരു സ്വീപ്പർ മാത്രമാണുള്ളതെന്നും അങ്ങാടിയിലെ മുഴുവൻ മാലിന്യങ്ങളും നീക്കം ചെയ്യാൻ ടിയാൾക്ക് സാധിക്കാറില്ലെന്നും രൂക്ഷമായ മാലിന്യ പ്രശ്നങ്ങൾ കാരണം എല്ലാ വർഷവും മാരകരോഗങ്ങൾ റിപ്പോർട്ട് ചെയ്യാറുണ്ടെന്നും റോഡ് പിഡബ്ല്യൂഡിയുടെ അധീനതയിലാണെങ്കിലും വർഷാവർഷം ഓടകളിലെ മണ്ണ് നീക്കം ചെയ്ത് മഴവെള്ളം ഒഴുക്കിവിട്ട് വെള്ളക്കെട്ട് ഒഴിവാക്കുവാനുള്ള നടപടികൾ പിഡബ്ല്യൂഡി സ്വീകരിക്കാറില്ലെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ

നിലവിലുണ്ടായിരുന്ന സാഹചര്യത്തിലാണ് മാലിന്യം നീക്കം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചതെന്നും അതിനാൽ പ്രസ്തുത നടപടിക്ക് സാധൂകരണം നൽകാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ഇത് സംബന്ധിച്ച് കോഴിക്കോട് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശിപാർശയും ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഓവുചാലുകളിൽ അടിഞ്ഞ് കൂടിയ മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യപ്പെടാതെകിടന്നത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാക്കിയെന്ന വസ്തുത കണക്കിലെടുത്ത് ഖരമാലിന്യ നിർമ്മാർജ്ജനം/ സംസ്കരണം പദ്ധതി പ്രകാരം 2008-09 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ പിഡബ്ല്യുഡി യുടെ അധീനതയിലുള്ള റോഡുകളുടെ ഓവുചാലുകളിൽ നിന്നും മാലിന്യങ്ങൾ മാറ്റുവാനായി 2,54,338/- രൂപയുടെ പദ്ധതി ഫണ്ട് ചെലവാക്കിയ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I), ബ്രാഞ്ച് ഓഫീസ് , തൃശ്ശൂർ.

സെക്രട്ടറി, ചെക്യാട് ഗ്രാമപഞ്ചായത്ത്, പാറക്കടവ് പി.ഒ, കോഴിക്കോട് .

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ സെക്ഷൻ പകർപ്പ്.(AC1/97/2017-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Reji R S
Date: 01-08-2024 14:54:00

സെക്ഷൻ ഓഫീസർ